**22-08-2025 -ൽ സർവ്വകലാശാലകളിലെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറി വിളിച്ചു ചേർത്ത അവലോകനയോഗത്തിലെ നടപടിക്കുറിപ്പ്**

യോഗം രാവിലെ 11.30-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

വിവരശേഖരണത്തിലൂടെ സർവ്വകലാശാല ക്യാമ്പസുകളിലും അനുബന്ധ സ്ഥാപനങ്ങളിലും കണ്ടെത്തിയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങളിലെ പ്രധാന വിടവുകളെക്കുറിച്ചും അവയുടെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് ക്യാമ്പെയിൻ സെക്രട്ടേറിയറ്റ് പ്രതിനിധികൾ യോഗത്തിൽ വിശദീകരിക്കുകയുണ്ടായി.

ക്യാമ്പസിലെ ലാബ് വേസ്റ്റുകളുടെ നിർമ്മാർജ്ജനം ഫലപ്രദമായ രീതിയിൽ നടക്കുന്നില്ലെന്നും, ഭൂരിഭാഗം സ്ഥാപനങ്ങളിലും single chamber incinerator ആണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇത് ഫലപ്രദമല്ലായെന്നും ക്യാമ്പെയിൻ സെക്രട്ടേറിയറ്റ് അറിയിക്കുകയുണ്ടായി. വിദ്യാർത്ഥികൾ ഗൂഗിൾ ഫോർമാറ്റിൽ വിടവുകൾ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് സ്ഥാപനമേധാവി/നോഡൽ ഓഫീസർക്ക് കാണുന്നതിന് സാധിക്കുന്നില്ലെന്നും അതുകൊണ്ട്തന്നെ വിടവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല എന്നും വിവിധ സർവ്വകലാശാല പ്രതിനിധികൾ അറിയിച്ചു. മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് ശ്രദ്ധയിൽപെട്ടാൽ ആ വിവരം സർക്കാരിനെ അറിയിച്ചാൽ പാരിതോഷികം ലഭിക്കുമെന്ന കാര്യത്തിൽ പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി.

മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടിന്റെ അഭാവം നിലവിലുള്ളതായി സർവ്വകലാശാല പ്രതിനിധികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർവ്വകലാശാലകളിലെ മുഴുവൻ മാലിന്യ മുക്ത പ്രവർത്തനങ്ങൾക്കുമുള്ള ഫണ്ട് അനുവദിക്കുവാൻ ശുചിത്വമിഷന് സാധിക്കുകയില്ല എന്നതിനാൽ ഇതിനായി പ്രത്യേക തുക വകയിരുത്തേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി.

മാലിന്യ മുക്ത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകളെക്കുറിച്ച് ശുചിത്വ മിഷൻ മാനേജിംഗ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയുണ്ടായി.

സർവ്വകലാശാലകളിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി നിശ്ചിത കാലയളവിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് കൃത്യമായ ഏകോപനത്തിലൂടെ മാലിന്യമുക്ത സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുമെന്ന് യോഗം വിലയിരുത്തി.

എല്ലാ സ്ഥാപനങ്ങളിലും മാലിന്യമുക്ത പ്രവർത്തനത്തിനായി വിദ്യാർത്ഥികളുടെ ഒരു ഗ്രൂപ്പിനെ തെരഞ്ഞെടുത്ത് അവർക്ക് കോഴ്സിനോടൊപ്പം തന്നെ ഒരു ട്രെയിനിംഗ് നൽ കുന്നതും

സർട്ടിഫിക്കറ്റ് നൽകുന്നതും അവരെ സ്ഥാപനങ്ങളിലെ മാലിന്യ മുക്തപ്രവർത്തനങ്ങളുടെ മെന്റർമാരായി ചുമതലപ്പെടുത്തുന്നതും ആലോചിക്കാവുന്നതാണെന്നും യോഗം വിലയിരുത്തി. വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പ് വിദ്യാർത്ഥികൾക്കായി ഒരാഴ്ച മുതൽ രണ്ടോ മൂന്നോ മാസം വരെ ദൈർഘ്യമുള്ള ഇന്റേൺഷിപ്പും നൽകിവരുന്നതായി ക്യാമ്പെയിൻ സെക്രട്ടറിയേറ്റ് പ്രതിനിധി യോഗത്തെ അറിയിച്ചു.

ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി നിശ്ചിത കാലയളവിൽ വർക് ഷോപ്പുകൾ സംഘടിപ്പിച്ച് കൃത്യമായ ഏകോപനത്തിലൂടെ മാലിന്യമുക്ത സംവിധാനങ്ങൾ ഫലപ്രദമായി സർവ്വകലാശാലകളിൽ നടപ്പിലാക്കുവാൻ സാധിക്കുമെന്നും ഇതിനായി ഓരോ ജില്ലയിലേയും സ്ഥാപനാടിസ്ഥാനത്തിൽ ഒരാൾ ക്ക് വീതം പരിശീലനം നൽകാൻ ആവശ്യമായ നടപടികൾ ശുചിത്വമിഷന്റെ ഭാഗത്തുനിന്നും കൈക്കൊള്ളാമെന്ന് ശുചിത്വമിഷൻ മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

എല്ലാ സ്ഥാപനങ്ങളിലും വേസ്റ്റുകൾ തരംതിരിച്ച് സൂക്ഷിക്കുവാനുള്ള സൗകര്യം സ്ഥാപനങ്ങളിൽ തയ്യാറാക്കണമെന്നും ഇങ്ങനെ തരംതിരിച്ച് സൂക്ഷിക്കുന്ന മാലിന്യങ്ങൾക്ക് വില നൽകി ക്ലീൻ കേരള കമ്പനി എടുക്കുന്നതാണെന്നും CKCL മാനേജിംഗ് ഡയറക്ടർ അറിയിച്ചു. അതിനായി താൽപര്യമുള്ള ഒരു ഗ്രൂപ്പിനെ ഓരോ സ്ഥാപനത്തിലും ചുമതലപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്നും കോളേജുകളിൽ കെട്ടിക്കിടക്കുന്ന ഉപയോഗ ശൂന്യമായ ഫർണിച്ചർ വേസ്റ്റുകൾ ഉൾപ്പെടെ ക്ലീൻ കേരള കമ്പനിക്കു നൽകാവുന്നതാണെന്നും CKCL മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

CSR ഫണ്ട് വേസ്റ്റ് മെറ്റീരിയൽസ് ഡിസ്പോസ് ചെയ്യുന്നതിനായി ഉപയോഗിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കണമെന്ന് ജോയിന്റ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് ബന്ധപ്പെട്ട സർവ്വകലാശാലാ വൈസ് ചാൻസലർ/രജിസ്ട്രാർമാർ മുഖാന്തിരം മാലിന്യമുക്ത പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുക്കാവുന്നതാണെന്നും യോഗം വിലയിരുത്തി.

**<u>യോഗത്തിലെ പ്രധാന തീരുമാനങ്ങൾ</u>**

1. യൂണിവേഴ്സിറ്റികളുടെ ഡാറ്റ ശേഖരണം സെപ്റ്റംബർ 20ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

2. യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ, യൂണിവേഴ്സിറ്റി എഞ്ചിനിയറിങ് വിങ് പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രതിനിധികൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് യുണിവേഴ്സിറ്റി ക്യാംപസുകളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഗ്യാപ്പ് റിപ്പോർട്ട് വിലയിരുത്തിയതിനുശേഷം തുടർനടപടികൾ ഉൾപ്പെടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി സെപ്റ്റംബർ 25-ന് മുൻപ് ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് സമർപ്പിക്കേണ്ടതാണ്

3. കണ്ടെത്തിയ വിടവുകൾ പരിഹരിക്കുന്നതിലേക്കായി യൂണിവേഴ്സിറ്റി ക്യാമ്പസുകളിൽ ആവശ്യമായ

മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

4. യൂണിവേഴ്സിറ്റി ക്യാമ്പസുകളുടെ കീഴിൽ അഫിലിയേറ്റഡ് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ കോളേജുകളിലെയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്ക് അതത് യൂണിവേഴ്സിറ്റി ക്യാമ്പസുകളിൽ വെച്ച് ബന്ധപ്പെട്ട ജില്ലാ ശുചിത്വ മിഷന്റെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ആയത് ഒക്ടോബർ 15ന് മുൻപ് പൂർത്തിയാക്കേണ്ടതുമാണ്.

5. ഇ-മാലിന്യം, ഫർണിച്ചർ മാലിന്യം എന്നിവ ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് ഒക്ടോബർ 1 മുതൽ സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്യാമ്പയിൻ രീതിയിൽ കളക്ഷൻ ഡ്രൈവ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. സാനിറ്ററി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്. കൂടാതെ, സ്ഥാപനങ്ങളിൽ ഡബിൾ ചേമ്പർ, ഇൻസിനേറ്ററുകൾ ഉറപ്പാക്കേണ്ടതും സെപ്റ്റിക് ടാങ്കുകൾ മൂന്ന് വർഷം കൂടുമ്പോഴെങ്കിലും ഡീസ്ലെഡ്ജ് ചെയ്യേണ്ടതുമാണ്.

7. മലിന ജല ശാസ്ത്രീയ സംസ്കരണ സംവിധാനം STP, FSTP എന്നിവ ക്യാമ്പസുകളിൽ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുക.

8. യൂണിവേഴ്സിറ്റി ക്യാമ്പസിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഡാറ്റ ശേഖരണം, പ്ലാൻ തയ്യാറാക്കൽ, നിർവ്വഹണം എന്നിവ ഏകോപിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നുമുള്ള മോണിറ്ററിങ്ങിനും ഈ വിഷയത്തിൽ താൽപര്യമുള്ള 20 മുതൽ 30 വരെ പേരടങ്ങുന്ന വിദ്യാർത്ഥികളെ ശുചിത്വ മിഷന്റെ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമാക്കുന്ന കാര്യം പരിഗണിക്കേണ്ടതുമാണ്.

യോഗം ഒരു മണിയ്ക്ക് അവസാനിച്ചു.

<u>**യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ്**</u>

1. ശ്രീ. രാജേഷ്. എം, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. ടി.എം.മുഹമ്മദ് ജാ, ഡയറക്ടർ, ശുചിത്വമിഷൻ.
3. ശ്രീ. ജി.കെ. സുരേഷ് കുമാർ, എം.ഡി., ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
4. ശ്രീ. അനി അബ്രഹാം, സീനിയർ ജോയിന്റ് ഡയറക്ടർ,ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ കേരള,
5. ശ്രീ. ജയൻ പി. വിജയൻ, അസിസ്റ്റന്റ് ഡയറക്ടർ (പ്രൊജക്ട്സ്), ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
6. ശ്രീ. ഗോപാലകൃഷ്ണപിള്ള കെ.ബി., സിവിൽ എൻജിനീയർ (നോഡൽ ഓഫീസർ), നുവാൽസ്, കളമശേരി.
7. ശ്രീ. ഇർഷാദ് കെ., അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ), നുവാൽസ്, കൊച്ചി
8. പ്രൊഫ.(ഡോ.) ഹരിലാൽ സി.സി., പ്രൊഫസർ & കൺവീനർ, ഗ്രീൻ ക്യാമ്പസ് കമ്മറ്റി, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്.
9. പ്രൊഫ. (ഡോ.) സോഫിയ രാജൻ, ഹെഡ് ഓഫ് സ്കൂൾ ഓഫ് ലാംഗ്വേജസ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി.
10. ശ്രീ. മോഹൻദാസ് ആർ., ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ.
11. ശ്രീ. പ്രതാപ് ബി.വി., ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ
12. ശ്രീ. അഖിൽ സി., കണ്ണൂർ യൂണിവേഴ്സിറ്റി
13. ഡോ. ആനന്ദ് എം., അസോസിയേറ്റ് പ്രൊഫസർ, കുസാറ്റ്
14. ശ്രീ. ജഗജീവൻ എൻ., കൺസൾട്ടന്റ്, വേസ്റ്റ് മാനേജ്മെന്റ്, സെക്രട്ടേറിയറ്റ്, എൽ.എസ്.ജി.ഡി.
15. ഡോ. മഹേഷ് മോഹൻ, നോഡൽ ഓഫീസർ, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം
16. ഡോ. സാബു ജോസഫ്, പ്രൊഫസർ & ഹെഡ്, ഡിപ്പാർട്മെന്റ് ഓഫ് എൻവയോൺമെന്റൽ സയൻസസ്, കേരള യൂണിവേഴ്സിറ്റി
17. ശ്രീ. ആൽവിൻ ബിജു, ടെക്നിക്കൽ അസിസ്റ്റന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റൽ സയൻസസ്, കേരള യൂണിവേഴ്സിറ്റി
18. ശ്രീമതി. ഫൗസിയ ജലാലുദ്ദീൻ, പ്രൊജക്ട് എക്സിക്യൂട്ടീവ്, ഇ-വേസ്റ്റ്
19. ശ്രീമതി. സുഹാന ആർ. എച്ച്., എൽ.എസ്.ജി.ഡി., വേസ്റ്റ് മാനേജ്മെന്റ്, സെക്രട്ടേറിയറ്റ്

20. ശ്രീമതി. ശോഭ. ഡി, സെക്ഷൻ ഓഫീസർ, ഉന്നതവിദ്യാഭ്യാസ(കെ) വകുപ്പ്
21. ശ്രീ. വിജയകുമാർ. കെ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്.

<u>മേലെഴുത്ത് നമ്പർ: EA2/5671/2024/DTE</u> **26-09-2025**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ **22.08.2025** ൽ കൂടിയ അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Jayaprakash P
Date: 26-09-2025 16:54:58

വിശ്വസ്തതയോടെ,

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,
വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും